## പ്രളയശേഷം വരൾച്ച വരുമ്പോൾ

# തയ്യാറെടുക്കാം നേരിടാം



ഡോ. സി.വി. ആനന്ദബോസ്



പൂർവസൂരികൾ അനന്തതയിൽനിന്ന് അശരീരി മുഴക്കുന്നു, "ഹേ ഭൂമി, ഞാൻ നിന്നിൽനിന്ന് വെട്ടിയും കുഴിച്ചും എന്തുതന്നെ എടുക്കുന്നുവോ അവയെല്ലാം വേഗത്തിൽതന്നെ തഴച്ചു വളരുമാറാകട്ടെ. ഞാൻ അവിടത്തെ മർമങ്ങളെ പിളർക്കാതിരിക്കട്ടെ, ഹൃദയത്തെ മുറിപ്പെടുത്താതിരിക്കട്ടെ" -അഥർവവേദം

പേമാരി പെയ്തൊഴിഞ്ഞു, പ്രളയം കെട്ടടങ്ങി. നവകേരളത്തെ സ്വപ്നംകാണുന്ന മലയാളിയുടെ മുന്നിൽ മറ്റൊരു ദുരന്തം അവതരിക്കാൻ പോകുകയാണോ. വെള്ളത്തിൽ മുങ്ങിപ്പൊങ്ങിയ കേരളത്തിൽ നാവ് നനയ്ക്കാൻ വെള്ളം കിട്ടാത്ത ഗതികേട് വരുമോ എന്നതാണ് ആശങ്ക.

ഏതായാലും ചൂട് കൂടുന്നു. വെള്ളം കുറയുന്നു. ഇത് ഒരു സൂചനയാണ്. വ്യക്തമായ സൂചന. വരൾച്ച വാതിൽക്കൽവന്ന് മുട്ടുന്നു എന്നതിന്റെ സൂചന. വിദഗ്ധർ വിരൽ ചൂണ്ടുന്നതും ഈ സാധ്യതയിലേക്കു തന്നെ.

തുലാവർഷം കനത്ത് പെയ്തില്ലെങ്കിൽ കേരളത്തിൽ ഒരു വലിയ വരൾച്ചയ്ക്ക് സാധ്യത ഉണ്ട്. ഇനി എന്ത് എന്നതാണ് ഇപ്പോൾ പ്രസക്തം. ഒരു കാര്യം നാം ചെയ്തേ പറ്റൂ. മുൻകൂട്ടിക്കാണാനും മുൻകരുതലെടുക്കാനും നമുക്ക് കഴിയണം. വസ്തുതാപരമായ ചില കാര്യങ്ങൾ നിരത്തുകയാണ്. മനുഷ്യന്റെ വീഴ്ച ഏതൊരു ദുരന്തത്തിനും പിന്നിൽ ഉണ്ടാകും. ദുരന്തങ്ങൾ ഉണ്ടായതിനുശേഷം പ്രതികരിക്കുന്നതിനെക്കാൾ ഭേദം ദുരന്തത്തെ മുന്നിൽക്കണ്ടു പ്രതിരോധിക്കുകയാണ്. നാലുഘട്ടങ്ങളാണ് ദുരന്തനിവാരണത്തിനുള്ളത്.

### ദുരന്തനിവാരണത്തിന്റെ നാലുഘട്ടങ്ങൾ

ഒന്നാംഘട്ടം ഇൻറലിജൻസ് അതായത്, വിവരം ശേഖരിക്കലാണ്. അത് കാലാവസ്ഥാ കേന്ദ്രത്തിൽ നിന്ന് തരുന്ന വിവരങ്ങൾ ആകാം, വിദഗ്ധർ നൽകുന്ന സൂചനകൾ ആകാം, പഠനറിപ്പോർട്ടുകളാകാം, മുൻകാല അനുഭവപാഠങ്ങളാകാം, ഇൻറർനെറ്റിൽ കിട്ടുന്ന വെളിപ്പെടുത്തലുകൾ ആകാം, കേന്ദ്ര, സംസ്ഥാന സർക്കാർ സംവിധാനങ്ങൾ നൽകുന്ന ഉപദേശങ്ങൾ ആകാം. എത്ര മഴ പെയ്യും അന്തരീക്ഷത്തിലെയും ഭൂമിക്കുള്ളിലെയും താപനില എത്ര, കാർഷിക വിളകൾക്കുണ്ടാകുന്ന മാറ്റങ്ങൾ എന്ത്, ജലസംഭരണികളിലെ വെള്ളത്തിൽ ഉണ്ടാകുന്ന കുറവെത്ര. അപഗ്രഥിക്കണം, നിഗമനങ്ങളിൽ എത്തണം.

രണ്ടാമത്തെ ഘട്ടമാണ് പ്രിപ്പറേഷൻ ഫോർ ആക്ഷൻ, തയ്യാറെടുപ്പ്. ഇത് പ്രധാനമാണ്. എവിടെയൊക്കെ കുടിവെള്ളത്തിനു മുട്ടുവരും എങ്ങനെ വെള്ളം എത്തിക്കണം, കൃഷിനശിച്ചോ, എങ്കിൽ പകരം എന്ത് കൃഷി ചെയ്യാം, കാലികളെ പോറ്റാൻ ക്യാമ്പുകൾ തുറക്കേണ്ടതുണ്ടോ, ആളുകൾ കൂട്ടത്തോടെ പലായനം ചെയ്യാൻ സാധ്യതയുണ്ടോ തുടങ്ങിയ കാര്യങ്ങൾ ഗൗരവമായി പരിഗണിക്കണം. മേൽ നടപടികൾക്കായി നാം തയ്യാറെടുപ്പ് നടത്തണം.

മൂന്നാമത്തെ ഘട്ടമാണ് നടപടി. വരൾച്ച ഉണ്ടായാൽ ഒരു നിമിഷം പോലും പാഴാക്കാതെ രക്ഷാപ്രവർത്തനത്തിലേക്ക് ചാടിയിറങ്ങുക. ആദ്യത്തെ രണ്ട് ഘട്ടങ്ങളിൽ, അതായത് വിവരം ശേഖരിക്കലിലും തയ്യാറെടുപ്പിലും വീഴ്ച പറ്റിയാൽ മൂന്നാംഘട്ടത്തിലെ നടപടിയിൽ നമുക്ക് ബുദ്ധിമുട്ടുകൾ ഏറെ ഉണ്ടാകും. പല അത്യാഹിതങ്ങളും മറ്റ് ആഘാതങ്ങളും ഒഴിവാക്കണമെങ്കിൽ തയ്യാറെടുപ്പുകൾ ഭദ്രമാക്കിയിരിക്കണം.

നാലാമത്തെ ഘട്ടമാണ് മോപ്പിങ് അപ്പ്. ആവശ്യമായ പുനരധിവാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുക.

### ഒരുക്കങ്ങൾ തുടങ്ങാം

ഇതിൽ ഒന്നും രണ്ടും ഘട്ടങ്ങളിൽ ചെയ്യേണ്ട കാര്യങ്ങൾ ഇപ്പോൾ തന്നെ ചെയ്തു തുടങ്ങാം. കാലാവസ്ഥാ നിരീക്ഷണകേന്ദ്രങ്ങൾ നൽകുന്ന വിവരങ്ങളും നാഷണൽ റിമോട്ട് സെൻസിങ് സെൻറർ, നാഷണൽ അഗ്രിക്കൾച്ചർ ഡ്രൗട്ട് അസസ്മെൻറ് ആൻഡ് മോണിറ്ററിങ് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങൾ നൽകുന്ന ഡേറ്റയുമൊക്കെ സമാഹരിച്ച് വിശകലനം ചെയ്ത് പഠിച്ചാൽ ഏതൊക്കെ പ്രദേശത്ത് വരൾച്ച ഉണ്ടാകും അതിന്റെ കാഠിന്യം എത്രത്തോളം ആകും എന്ന് ഒരു ഏകദേശ ധാരണകിട്ടും. ഇനിവേണ്ടത് തയ്യാറെടുപ്പുകളാണ്. എന്തൊക്കെ തയ്യാറെടുപ്പുകൾ വേണം. കേന്ദ്ര ഗവൺമെൻറ് 2009-ൽ ഇറക്കിയ വരൾച്ചാ ദുരിതാശ്വാസ മാന്വൽ നല്ല വഴികാട്ടിയാണ്. ഈ മാർഗരേഖ തയ്യാറാക്കിയതിന്റെ ചുമതല ഈ ലേഖകനായിരുന്നു. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും എന്തൊക്കെയാണ് മുൻകരുതൽ എടുക്കേണ്ടത് എന്ന് കാണുക.

- സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള ദുരിതാശ്വാസ സംവിധാനങ്ങൾ സുസജ്ജമായി നിർത്തുക, ദുരിതാശ്വാസസമിതികളുടെ യോഗം ചേരുക.
- വരൾച്ചയെ സംബന്ധിച്ച വിവിധ ഘടകങ്ങളെ കുറിച്ചുള്ള വിവരങ്ങൾ പരിശോധിക്കുക. വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തുക.
- എല്ലാ വകുപ്പുകളെയും സംയോജിപ്പിച്ച് വരൾച്ച നേരിടാനുള്ള സംവിധാനം പ്രവർത്തനക്ഷമമാക്കുക.
- ഓരോ വരൾച്ച ബാധിത പ്രദേശത്തിനും ആവശ്യമായ മുന്നൊരുക്ക പ്ലാൻ തയ്യാറാക്കുക.
- ഔദ്യോഗികമായി വരൾച്ച പ്രഖ്യാപിച്ചുകഴിഞ്ഞാൽ കേന്ദ്രസഹായം ലഭിക്കാൻ ആവശ്യമായ മെമ്മോറാണ്ടം തയ്യാറാക്കുക.
- വരൾച്ച നേരിടാൻ ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട അധികാരികൾക്ക് തടസ്സം കൂടാതെ നൽകുക.
- വെള്ളത്തിന്റെ ലഭ്യത നിരീക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കുക. ജലവിഭവ വകുപ്പും റവന്യൂ വകുപ്പും ജിയോളജി വകുപ്പും സോയിൽ കൺസർവേഷൻ വകുപ്പും ഒക്കെ ഇതിൽ ഉൾപ്പെടണം. മഴയുടെ ലഭ്യത ദിവസവും വിലയിരുത്തുക. അതുപോലെ ഭൂഗർഭത്തിലും ജലസംഭരണികളിലും കിണറിലും തടാകത്തിലുമുള്ള വെള്ളത്തിന്റെ ലഭ്യതയും.
- ജലസംഭരണികളിൽ ലഭ്യമായ ജലം കുടിവെള്ളത്തിനായി റിസർവ് ചെയ്യുക. കുടിവെള്ളം കൊടുത്തതിനുശേഷം മാത്രമേ വെള്ളം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാവൂ. കൃഷിക്കും വ്യാവസായിക ആവശ്യങ്ങൾക്കും വെള്ളം നൽകുന്നതിൽ മതിയായ ക്രമീകരണങ്ങൾ ഏർപ്പെടുത്തണം.
- താത്കാലികമായ ജല വിതരണ സംവിധാനങ്ങൾ ആവശ്യാനുസരണം ഏർപ്പെടുത്തുക.
- അനാശാസ്യമായ രീതിയിൽ കുഴൽക്കിണർ കുഴിക്കുന്നത് നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യുക.
- കാർഷികരംഗത്ത് ക്രോപ്പ് മാനേജ്മെൻറ് ശരിയാവണ്ണം നടത്തുക. കൃഷി, റവന്യൂ വകുപ്പുകളും ഇതരവകുപ്പുകളും കാർഷിക സർവകലാശാലകളുമൊക്കെ ചേർന്നുവേണം ഇത് ചെയ്യാൻ.
- കാർഷിക ഇൻഷുറൻസിന്റെ പ്രീമിയം തുക അടച്ചു എന്ന് സർക്കാർ ഉറപ്പുവരുത്തണം. എങ്കിലേ പിന്നീട് കർഷകന് ഇൻഷുറൻസ് തുക കിട്ടൂ.
- മൈക്രോ ഇറിഗേഷന് ആവശ്യമായ സംവിധാനങ്ങളും ഉപകരണങ്ങളും സജ്ജമാക്കണം.
- മതിയായ കാലിത്തീറ്റ സംഭരിക്കണം.
- ദുരിതാശ്വാസത്തിന്റെ ഭാഗമായി തൊഴിൽ നൽകണം. തൊഴിലുറപ്പ് പദ്ധതി, ഗ്രാമീണ റോഡ് വികസന പദ്ധതി, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തൊഴിൽദാന പദ്ധതികൾ എന്നിവ ഏകോപിപ്പിച്ചും ആവശ്യമെങ്കിൽ പുതിയ പദ്ധതികൾ താത്കാലികമായി അനുവദിച്ചും വരൾച്ചക്കാലത്ത് ജനങ്ങൾക്ക് ആദായകരമായ തൊഴിൽ നൽകാൻ ഏർപ്പാട് ചെയ്യണം.
- ഭക്ഷ്യസുരക്ഷയ്ക്ക് ഊന്നൽ നൽകുക. സംസ്ഥാനത്ത് പൊതുവേയും ജില്ലകളിൽ പ്രത്യേകിച്ചും ആവശ്യമായ ഭക്ഷണസാധനങ്ങൾ ഉണ്ട് എന്ന് ഉറപ്പുവരുത്തണം.

വരൾച്ചയുടെ വ്യാപ്തിയും രൂക്ഷതയും കണ്ട് പതറാതെ പ്രശ്നത്തെ ചെറിയ ഭാഗങ്ങളായി വിഭജിച്ച് പിടിയിൽ ഒതുക്കി കൈകാര്യം ചെയ്യാവുന്നതേയുള്ളൂ. വരൾച്ചയെ നേരിടാൻ ഗ്രാമീണ ജനങ്ങൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലും പുതിയ വഴികൾ തേടി വിജയിച്ചത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. ഒഡിഷയിലെ 'പാനി പഞ്ചായത്ത്' ജലവിഭവ മാനേജ്മെൻറിൽ പുൽക്കൊടി വിതാനത്തിൽ ഉള്ള ഫലപ്രദമായ ഒരു ചുവടുവെപ്പാണ്. ഹിമാചൽപ്രദേശിലെ ബാനിഘേലത്തിലും നാട്ടുകാരുടെ ജലമാനേജ്മെൻറ് ശൈലി ഫലപ്രദവു കാര്യക്ഷമവുമാണ്. ഹരിയാണയിലെ സുഖോജിരി ഗ്രാമത്തിലും രാജസ്ഥാനിലെ അൽവറില മഹാരാഷ്ട്രയിലെ അഹമ്മദ് നഗറിലും നുണുങ ജലവിതരണപദ്ധതികൾ നാട്ടുകാരുടെ നേതൃത്വത്തിൽ വിജയകരമായി പ്രവർത്തിക്കുന്നു. നമ്മുടെ കുടുംബശ്രീ യൂണിറ്റുകളെയും സന്നദ്ധസേവകരെയും പഞ്ചായത്ത് തലത്തിൽ ഒരുക്കിയെടുത്താൽ കേരളത്തിലും മഴവെള്ള സംഭരണവു ജലപരിപാലനവും പുതിയ വഴികളിലൂടെ നടപ്പക്കാൻ നമുക്ക് കഴിയും.

ആഗോള ഗ്രാമത്തിൽ ജീവിക്കുന്ന കേരളീയ ആഗോള താപനത്തിന്റെ ആഘാതവും പേ ണ്ടിവരും. അന്തരീക്ഷത്തിലെ താപനിലയുടെ ഉയർച്ച രണ്ട് ഡിഗ്രി സെൽഷ്യസിൽ, പറ്റുമെങ്കിൽ ഒന്നര ഡിഗ്രിയിൽ, പിടിച്ച് നിർത്താൻ ആകുമോ എന്നതാണ് പാരീസിൽ നടന്ന കാലാവസ്ഥാ ഉച്ച കോടി ലക്ഷ്യമിടുന്നത്. ലോകരാഷ്ട്രങ്ങൾ കോ പ്പൻ ഹേഗനിൽ ചേർന്ന് ഒരു തീരുമാനം എടുത്ത ല്ലോ. സുസ്ഥിര വികസനത്തിലുള്ള ലക്ഷ്യങ്ങൾ – sustainable development goals – എല്ലാം 2030-ഓടെ നേടും എന്ന്. ഓരോ കേരളീയനും ഇതിൽ ചില കടമകൾ നിർവഹിക്കാൻ ഉണ്ട്.

പ്രകൃതിക്ക് നിരക്കാത്തത് ഒന്നും ചെയ്യാതിരിക്കുക. നിരാശപ്പെടേണ്ടതില്ല. എല്ലാ പാപിക്കും ഒരു ഭാവിയുണ്ടെന്നും എല്ലാ പുണ്യവാളനും ഒരു ഭൂതകാലം ഉണ്ടെന്നും ഇടയ്ക്കൊക്കെ ഓർമിക്കുക. ഭൂമിയോട് ചെയ്ത പാപങ്ങളുടെ പേരിൽ നമുക്ക് പശ്ചാത്തപിക്കാം. 'അപ്പപ്പോൾ ചെയ്യുന്ന പാപങ്ങൾക്കൊക്കെയും ഈ പശ്ചാത്താപമേ പ്രായശ്ചിത്തം' എന്നൊരു പ്രമാണം ഉണ്ടല്ലോ.

*(കേന്ദ്ര വരൾച്ച ദുരിതാശ്വാസ മുൻ കമ്മിഷണറാണ് ലേഖകൻ)*

